(ഡി) കേന്ദ്ര സർക്കാരിന്റെ പുതിയ വൈദ്യുതി നയം ഏതെല്ലാം വിധത്തിൽ സംസ്ഥാനം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഇതു സംബന്ധിച്ച് കേന്ദ്ര നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ബി) പ്രസക്തമല്ല.

(സി) 2003-ലെ ഇലക്ട്രിസിറ്റി ആക്ട് പ്രകാരമുള്ള പുതിയ നടപടികളൊന്നും കെ. എസ്. ഇ. ബി. ആരംഭിച്ചിട്ടില്ല.

(ഡി) കേന്ദ്ര സർക്കാരിന്റെ പുതിയ വൈദ്യുതി നയം സംബന്ധിച്ച വിവരങ്ങൾ ലഭിച്ചിട്ടില്ല.

## ശമ്പള പരിഷ്കരണം

*8 [8] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്:
,, ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) ശമ്പള പരിഷ്ക്കരണത്തിനായി കമ്മീഷനെ എന്നത്തേയ്ക്കു നിയമിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നറിയിക്കാമോ;

(ഡി) ശമ്പള പരിഷ്ക്കരണം എത്ര നാളിനകം പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് പറയാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ)—(ഡി) ശമ്പള പരിഷ്ക്കരണത്തിനുള്ള നയപരമായ തീരുമാനമൊന്നും ഇതേവരെ കൈക്കൊണ്ടിട്ടില്ല.

## ഹർത്താൽ നിരോധിച്ചുകൊണ്ടുള്ള വിധി

*9 [9] ശ്രീ. എ. കെ. ബാലൻ:
,, കെ. കെ. ജയചന്ദ്രൻ:
,, എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹർത്താൽ നിരോധിച്ചുകൊണ്ടുള്ള ബഹു. കേരള ഹൈക്കോടതി വിധിയിൽ പറഞ്ഞിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹർത്താൽ നേരിടാൻ ആവശ്യമെങ്കിൽ പട്ടാളത്തെ വിളിക്കാമെന്ന കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച സർക്കാരിന്റെ നിലപാട് വിശദീകരിക്കാമോ;

(ഡി) ഈ കേസിൽ സർക്കാരിനുവേണ്ടി കോടതിയിൽ ഹാജരായ അഭിഭാഷകന് സർക്കാരിന്റെ വാദം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ വ്യക്തമാക്കാമോ;

(ഇ) ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകണമെന്ന വിവിധ രാഷ്ട്രീയ കക്ഷികളുടെ നിലപാടിൽ സർക്കാരിന്റെ തീരുമാനമെന്താണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ—സി) ബഹു. കേരള ഹൈക്കോടതിയുടെ 28-5-2004 തീയതിയിലെ ഒ.പി. നമ്പർ 38418/2001 മുതലായ 5 റിട്ട് പെറ്റീഷനുകളിൽ പുറപ്പെടുവിച്ച വിധിയിൽ പറഞ്ഞിട്ടുള്ള 9 (ഒമ്പത്) പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഹർത്താൽ നേരിടാൻ പട്ടാളത്തെ വിളിക്കണമെന്ന നിർദ്ദേശവും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ കാര്യങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചുവരുകയാണ്.†

(ഡി) സർക്കാരിന്റെ വാദം സത്യവാങ്മൂലം മുഖേന കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ഇ) ഈ കാര്യത്തിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെ നിർദ്ദേശങ്ങൾ ഒന്നും തന്നെ സർക്കാരിന് ലഭിച്ചിട്ടില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി ലഭിച്ച സ്ഥാപനങ്ങൾ

*10 [10] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 മാർച്ച് മാസത്തെ സർക്കാർ ഉത്തരവിലൂടെ സേവന മേഖലയിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക സർക്കാർ അനുവദിച്ചിട്ടുണ്ടോ;

(സി) ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട മാർഗ്ഗങ്ങൾ എന്തൊക്കെയാണ്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം 1

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *9 (9) ദയവായി കാണുക]

ഹർത്താലോ പൊതുപണിമുടക്കോ ആഹ്വാനം ചെയ്യുമ്പോൾ സാധാരണ ജനജീവിതം സ്തംഭിക്കാതിരിക്കാൻ സർക്കാർ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇത് നടപ്പാക്കേണ്ടത് പൊതു അവധി പ്രഖ്യാപിച്ചുകൊണ്ടോ, പരീക്ഷകൾ മാറ്റിവെച്ചു കൊണ്ടോ അല്ലാതെ ഹർത്താലിലോ സമരത്തിലോ പങ്കെടുക്കാത്തവർക്ക് മതിയായ സംരക്ഷണം നൽകികൊണ്ടായിരിക്കണം. ഈ കാര്യത്തിൽ മതിയായ സംരക്ഷണം സാധിക്കുകയില്ല എന്ന് സർക്കാരിന് തോന്നുന്ന പക്ഷം ഭരണഘടനാ സ്തംഭനവും പൊതുജനങ്ങളുടെ മൗലികാവകാശ ധ്വംസനവും സംഭവിക്കാതിരിക്കുന്നതിനുവേണ്ടി പട്ടാളത്തെയോ, അർദ്ധ സൈനിക വിഭാഗത്തിന്റെയോ സേവനം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്.

(2) പൊതുപണിമുടക്കിനോ ഹർത്താലിനോടനുബന്ധിച്ച് അവയുടെ അനുഭാവികൾ നിയമവിരുദ്ധ സംഘം ചേരൽമൂലം ഉണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ "ക്രിമിനൽ പ്രൊസിഡ്യൂർ കോഡ്" 10-ാം അദ്ധ്യായത്തിൽ അനുശാസിക്കുന്ന പ്രകാരം അർദ്ധ സൈനിക വിഭാഗത്തിന്റെ സഹായം ലഭ്യമാക്കുവാൻ ജില്ലാ ഭരണകൂടങ്ങൾക്ക് മതിയായ നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(3) പൊതുമുതലിന് നഷ്ടം വരുത്തുന്ന കേസുകളിൽ നാശനഷ്ടം വരുത്തിയ വ്യക്തികളിൽ നിന്നും, ഹർത്താലിനോ, പൊതുപണിമുടക്കിന് ആഹ്വാനം ചെയ്ത രാഷ്ട്രീയ പാർട്ടികളിൽ നിന്നും സംഘടനകളിൽനിന്നും നഷ്ടപരിഹാരം ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഭരത്കുമാർ കേസിൽ 18-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതും സുപ്രീംകോടതി ശരിവച്ചിട്ടുള്ളതുമായ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ശരിയായ നടപടികൾ സ്വീകരിക്കാത്തപക്ഷം വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽനിന്നും നഷ്ടം വസൂലാക്കേണ്ടതും ഈ ഉദ്യോഗസ്ഥർക്ക് എതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(4) 1984-ലെ 'Prevention of damages to public property Act'-ഉം 17-12-2003 തീയതിയിലെ സർക്കുലർ പ്രകാരമുള്ള കർശനമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(5) ഹർത്താലിനോ പൊതുപണിമുടക്കിനോ ആഹ്വാനം ചെയ്യുന്നവർ അതിനുള്ള കാരണങ്ങൾ എന്തുതന്നെയായാലും നിർബന്ധപൂർവ്വം ആരെയും പങ്കെടുപ്പിക്കുകയില്ലെന്നും, ഗതാഗത തടസ്സം ഉണ്ടാക്കുകയില്ലെന്നും, താൽപ്പര്യമുള്ളവർക്ക് ജോലിക്ക് പോകാമെന്നും മറ്റുള്ളവരുടെ മൗലികാവകാശമായ സഞ്ചാര സ്വാതന്ത്ര്യം ഹനിക്കുകയില്ല എന്നും വ്യക്തമാക്കേണ്ടതാണ്. ആരെയും നിർബന്ധിച്ചോ ബലം പ്രയോഗിച്ചോ ഹർത്താലിലോ, പണിമുടക്കിലോ പങ്കെടുപ്പിക്കുകയില്ലെന്ന് അണികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം 1—(തുടർച്ച)

(6) വ്യക്തികൾക്കും അവരുടെ സ്വത്തിനും പരുക്ക്, നാശനഷ്ടം ഇവയുണ്ടാകുന്ന പക്ഷം ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്ന ഭരണഘടനാപരമായ ബാദ്ധ്യത നിറവേറ്റുന്നതിൽ വീഴ്ച വരുത്തിയ സാഹചര്യത്തിൽ സർക്കാർ ഉടൻ തന്നെ അവർക്ക് തക്കതായ നഷ്ട പരിഹാരം നൽകേണ്ടതും, ഈ തുക ഇപ്രകാരം നാശനഷ്ടം വരുത്തിയവരിൽ നിന്നും ഹർത്താലിനോ, പൊതുപണിമുടക്കിനോ ആഹ്വാനം ചെയ്ത രാഷ്ട്രീയ പാർട്ടികൾ, സംഘടനകൾ ഇവരിൽനിന്നും ഈടാക്കേണ്ടതാണ്. നിയമ ലംഘകർക്കും അതിന് പ്രേരണ നൽകുന്നവർക്കും എതിരെ ക്രിമിനൽ കേസുകൾ എടുക്കേണ്ടതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ കണ്ടു പിടിക്കാൻ സാധിച്ചില്ല എന്നൊരു റിപ്പോർട്ട് ഫയൽ ചെയ്യേണ്ട സാഹചര്യം ഉണ്ടാകാത്ത വിധത്തിൽ കാര്യക്ഷമമായി മുൻപോട്ട് കൊണ്ടുപോകേണ്ടതും, രാഷ്ട്രീയ ഇടപെടലിന്റെ പേരിൽ പിൻവലിക്കാൻ പാടില്ലാത്തതും, നീതിപൂർവ്വമായ അന്വേഷണം നടത്തേണ്ടതുമാണ്.

(7) പൗരൻമാർക്ക് റോഡിൽകൂടി നിർഭയം സഞ്ചരിക്കുന്നതിനും, വാഹന ഗതാഗതം തടസ്സപ്പെടുത്താതെയും പൊതുഗതാഗതം സുഗമമാക്കുന്നതിനുള്ള സാഹചര്യം സർക്കാർ സൃഷ്ടിക്കേണ്ടതാണ്.

(8) പൊതുമുതലിനും സ്വകാര്യ സ്വത്തിനും ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളും ഇത് വസൂലാക്കുന്നതിനും സ്വീകരിച്ച നടപടികളും സർക്കാർ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. നഷ്ടം ഈടാക്കുന്നതിന് 17-12-2003-ൽ പുറപ്പെടുവിച്ച സർക്കുലർ പ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

(9) ഹർത്താലിന്റെയും പൊതുപണിമുടക്കിന്റെയും പേരിൽ പൗരൻമാർക്ക് അവരുടെ മൗലികാവകാശങ്ങൾ നിഷേധിക്കുന്ന വിധത്തിൽ ബലം പ്രയോഗിക്കുകയോ മറ്റുള്ളവരുടെ മേൽ സ്വന്തം ഇച്ഛ അടിച്ചേൽപ്പിക്കുകയോ ചെയ്യുന്നവരുടെ പേരിൽ തക്കതായ നടപടികൾ സ്വീകരിക്കാത്ത ജില്ലാ ഭരണകൂടത്തിനും, പോലീസ് അധികാരികൾക്കും എതിരെ സർക്കാർ തക്കതായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം 2

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *14 (14) ദയവായി കാണുക]

നടപ്പുവർഷം മുതൽ കേന്ദ്ര പദ്ധതി വിഹിതം ഗ്രാന്റായി നൽകുക, കേന്ദ്ര സഹായമായി നേരത്തെ അനുവദിച്ച വായ്പകൾ എഴുതിത്തള്ളുക, വിവിധ ധനകാര്യ ഏജൻസികളിൽ നിന്നും ഏതു വ്യവസ്ഥകൾക്കു വിധേയമായാണോ സഹായധനം കേന്ദ്ര ഗവൺമെന്റിന് ലഭിക്കുന്നത് അതേ വ്യവസ്ഥകളോടെ സംസ്ഥാന ഗവൺമെന്റിനും കൈമാറുക, പൊതുവിപണിയിൽ നിന്നും വായ്പ എടുക്കാൻ അനുവദിക്കുക, വായ്പകളുടെ പലിശ ഇളവുചെയ്യാൻ നബാർഡ്, എൽ.ഐ.സി. എന്നിവയ്ക്ക് നിർദ്ദേശം നൽകുക, ദേശീയ സമ്പാദ്യ മേഖലയിൽ നിന്നുള്ള വായ്പകളിൽ 50% എങ്കിലും എഴുതിത്തള്ളുക, സംസ്ഥാനത്തെ കേന്ദ്ര നിക്ഷേപം വർദ്ധിപ്പിക്കുക, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിക്ക് അന്തിമാനുമതി ലഭ്യമാക്കുക,

LIBRARY ARCHIVES Kerala Legislative Assembly